# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2389

## 08.03.2017 -ൽ മറുപടിക്ക്

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

**ചോദ്യം** | **ഉത്തരം**

**ശ്രീ. വി.എസ്. ശിവകുമാർ**

**ശ്രീ. കെ.എൻ. ബാലഗോപാൽ**
**(ബഹു. ധനകാര്യവകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ഈ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ ആരംഭിക്കാൻ കഴിയാത്ത എത്ര പദ്ധതികളുണ്ടെന്ന് വിശദമാക്കാമോ; | 2016-17 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ ആരംഭിക്കാൻ കഴിയാത്ത 119 പദ്ധതികളാണുള്ളത്. ടി പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>**<u>സാംസ്കാരിക കാര്യ വകുപ്പ്</u>**<br><br>1. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായി<br>2. ഭരത് മുരളി ഡ്രാമ അക്കാദമി, കടവട്ടൂർ<br>3. വയനാട് ഗോത്രഭാഷ കലാപഠന കേന്ദ്രം<br>4. ഇരയിമ്മൻ തമ്പി മെമ്മോറിയൽ, തണ്ണീർമുക്കം<br>5. ചെമ്പകശ്ശേരി വിശ്വൻ മെമ്മോറിയൽ, കൊല്ലംകോട്<br>6. കരിന്തണ്ടൻ സ്മാരകം, വയനാട്<br>7. രാവുണ്ണി മെമ്മോറിയൽ<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>മോട്ടോർ വാഹന വകുപ്പിൽ ചെക്ക് പോസ്റ്റ് നവീകരണം എന്ന പദ്ധതി<br><br>**<u>ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്</u>**<br><br>1. ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിലെ പുതിയ ഐ.ടി. കെട്ടിടം.<br>2. സൈബർ പാർക്ക് ഫെയ്സ് 2 പ്രവർത്തനങ്ങളുടെ ഭാഗമായ പുതിയ ഐ. ടി. കെട്ടിടവും സ്റ്റാർട്ടപ്പ് സ്പെയ്സും. |

| | | |
|---|---|---|
| | | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**<br>തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി .<br>**പൊതുമരാമത്ത് വകുപ്പ്**<br>**ദേശീയ പാത വിഭാഗം**<br>എൻ.എച്ച്.- 17 ൽ ഗ്രീൻവേ പ്രോജക്റ്റ് - കൊടുങ്ങല്ലൂർ ബൈപ്പാസ് - പുഷ്പചെടികളും വൃക്ഷങ്ങളും നടുകയും പരിപാലിക്കുകയും ചെയ്യുക, മൽച്ചിംഗ്, ഡ്രിപ്പ് ഇറിഗേഷനും.<br>**ഭക്ഷ്യ പൊതുവിതരണ വകുപ്പ്**<br>1. റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും, കെ.എസ്.എഫ്.ഇ.വഴി പലിശ രഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി.<br>2.തൊഴിലുറപ്പ് തൊഴിലാളി കുടുംബങ്ങളിൽ മഹാഭൂരിപക്ഷത്തെയും സൗജന്യ റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതി.<br>**ആഭ്യന്തര വകുപ്പ്**<br>**പോലീസ് ഹെഡ് ക്വാർട്ടേഴ്സ്**<br>സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം<br>**കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്**<br>അഗ്നിശമന സ്റ്റേഷനുകൾ സ്ഥാപിക്കുക<br>1. സെക്രട്ടേറിയറ്റ്<br>2. പത്മനാഭസ്വാമി ക്ഷേത്രം<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>ഒ.ബി.സി. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം<br>**കായിക യുവജനകാര്യ വകുപ്പ്**<br>1. ഇളങ്കുന്നപ്പുഴ സാന്തക്രോസ് ഗ്രൗണ്ട്, എറണാകുളം<br>2. കൊറ്റംകര മിനി സ്റ്റേഡിയം, കുണ്ടറ, കൊല്ലം<br>**കൃഷി വകുപ്പ്**<br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**<br>1. വെളിച്ചെണ്ണയുടെ നികുതിയിൽ നിന്ന് കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകുക. |

2. കാർഷികോത്പന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിനായി കേന്ദ്ര അഗ്രികൾച്ചർ മാർക്കറ്റ് പ്രൊജക്ട്.

3. ഇടുക്കിയിലും വയനാട്ടിലും ഓരോ സ്പൈസസ് പാർക്ക് സ്ഥാപിക്കുക.

**കേരള കാർഷിക സർവ്വകലാശാല**

1. ഗവേഷണം – 19 പുതിയ പ്രൊജക്ടുകളും ഒരു അൺറ്റൈഡ് പ്രോജക്ടും ആരംഭിച്ചിട്ടില്ല.

2. വിദ്യാർത്ഥി ക്ഷേമ വിഭാഗം വിദ്യാർത്ഥികളുടെ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടില്ല.

3. ഇ-ഗവേണൻസ് - 200 ലക്ഷത്തിന്റെ ഇ-ഗവേണൻസ് പദ്ധതി.

4. നിർമ്മാണ പ്രവർത്തനങ്ങൾ – 17 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**എക്സൈസ് വകുപ്പ്**

കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ ടവർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

**റവന്യൂ വകുപ്പ്**

**ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്**

റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം

- നെടുമങ്ങാട്
- കൊല്ലം
- പന്തളം
- കൊട്ടാരക്കര
- തിരുവല്ല
- ചങ്ങനാശ്ശേരി
- തൊടുപുഴ
- പീരുമേട്
- എറണാകുളം
- കോതമംഗലം
- സുൽത്താൻ ബത്തേരി
- ചാലക്കുടി
- ആലപ്പുഴ ആർ.ഡി.ഒ. കോംപ്ലക്സ്
- മുളന്തുരുത്തി
- പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്

- അടിമാലി
- പട്ടാമ്പി
- നിലമ്പൂർ
- വടകര
- ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ
- മതിലകം മിനി  സിവിൽ സ്റ്റേഷൻ
- പത്തനാപുരം  മിനി  സിവിൽ സ്റ്റേഷൻ

**ജലവിഭവ വകുപ്പ്**

**കേരളവാട്ടർ അതോറിറ്റി**

തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുളള കുടിവെളള പദ്ധതി-ഒന്നാം ഘട്ടം.

**ഭവന നിർമ്മാണ വകുപ്പ്**

1. ടെക്നോളജി ഇന്നോവേഷൻ ഫണ്ട്
2. ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തിനുള്ള പാർപ്പിട നിധി.

**വ്യവസായ വകുപ്പ്**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**

1. സ്റ്റാർട്ട് അപ് സബ്സിഡി ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റീസ് XXXVII -2851-00-102-41
2. മൾട്ടിപർപ്പസ് ട്രേഡ് ഫെസിലിറ്റേഷൻ സെന്ററുകൾ - XXXVII - 2851 -00 -102-39
3. സെറ്റിംഗ് അപ് ഓഫ് ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് - സ്റ്റേറ്റ് ഷെയർ - XXXVII -2851- 00 - 102 - 92 - (2)
4. അസിസ്റ്റൻസ് റ്റു ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റീസ് - XXXVII -2851- 00- 195- 89
5. സ്ട്രെംഗ്തനിംഗ് ഓഫ് ലിങ്കേജ് ബിറ്റ് വീൻ യൂണിവേഴ്സിറ്റീസ്/റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്സ് ആൻഡ് ഇൻഡസ്ട്രി /എന്റർപ്രൈസസ് - XXXVII- 2851- 00-101- 91
6. അക്വയറിംഗ് ന്യൂ ലാൻഡ് ആൻഡ് ഡെവലപ്പിംഗ് പിപിപി മോഡ് - 2851- 00- 101- 91
7. ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ നെറ്റ് വർക്ക് - 4851- 00- 102-91

**കയർ ബോർഡ്**

ഉൽപ്പന്ന മേഖലയിലെ പുതിയ സബ്സിഡിയ്ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡി.

| | | |
|---|---|---|
| | | **കിൻഫ്ര**<br>1. നാനോ ടെക് സോൺ (കളമശ്ശേരി)<br>2. ബിസിനസ്സ് പാർക്ക് (കൊല്ലം)<br>3. കിൻഫ്ര ഫുട് വെയർ പാർക്ക് (രാമനാട്ടുകര)<br><br>**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്** – 11 പദ്ധതികൾ<br><br>**കെൽപാം** – 1 പദ്ധതി<br><br>**കാപെക്സ്** – 3 പദ്ധതികൾ<br><br>**കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**<br><br>സുരഭി പദ്ധതി<br><br>**<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>**<br><br>**വ്യാവസായിക പരിശീലന വകുപ്പ്**<br><br>പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ? | **<u>സാംസ്കാരിക കാര്യ വകുപ്പ്</u>**<br><br>1. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായി<br>2. ഭരത് മുരളി ഡ്രാമ അക്കാദമി, കടവട്ടൂർ<br>3. വയനാട് ഗോത്രഭാഷ കലാപഠന കേന്ദ്രം<br>4. ഇരയിമ്മൻ തമ്പി മെമ്മോറിയൽ, തണ്ണീർമുക്കം<br>5. ചെമ്പകശ്ശേരി വിശ്വൻ മെമ്മോറിയൽ, കൊല്ലംകോട്<br>6. കരിന്തണ്ടൻ സ്മാരകം, വയനാട്<br>7. രാവുണ്ണി മെമ്മോറിയൽ<br>വ്യക്തമായ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ലഭിച്ചതിൻ പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ നൽകിയ പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായി എന്ന പദ്ധതിയുടെ പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്. മറ്റ് പദ്ധതികൾക്ക്, പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വ്യക്തവും പരിശോധിക്കത്തക്കതുമായ പ്രൊപ്പോസലുകൾ ലഭിച്ചിരുന്നില്ല.<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>മോട്ടോർ വാഹന വകുപ്പിൽ ചെക്ക് പോസ്റ്റ് നവീകരണം എന്ന പദ്ധതി - ചെക്പോസ്റ്റ് നിർമ്മിക്കാനുള്ള സ്ഥലം കെ.എസ്.റ്റി.വി.യിൽ നിന്നും ലഭ്യമാകാത്തതിനാൽ 2016– |

17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ സാധിച്ചില്ല. നിർമ്മാണ പ്രവൃത്തികൾക്കായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്**

1. ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിലെ പുതിയ ഐ.ടി. കെട്ടിടം - ടി കെട്ടിടം ടെക്നോപാർക്ക് ഒന്നാം ഘട്ട ക്യാമ്പസിൽ നിർമ്മിച്ചാലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ കെട്ടിടം ടെക്നോപാർക്ക് മൂന്നാം ഘട്ട ക്യാമ്പസിലേക്ക് മാറ്റുന്നതിനുള്ള തീരുമാനം ടെക്നോപാർക്കിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ കൈക്കൊണ്ടിരുന്നു. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ആധുനിക രീതിയിലുള്ള പ്രീ ഫാബ്രിക്കേറ്റഡ് ടെക്നോളജി ഉപയോഗപ്പെടുത്തി ഡിസൈൻ ബിൽഡ് പാക്കേജ് എന്ന രീതിയിൽ വർക്ക് ടെൻഡർ ചെയ്യാവുന്നതാണെന്നും എക്സിക്യൂട്ടീവ് കൗൺസിൽ നിർദേശിച്ചു. എന്നാൽ കെഎസ്ഐടിഐഐഎൽ സമർപ്പിച്ച എസ്റ്റിമേറ്റ് തുക വളരെ കൂടുതലായിരുന്നതിനാൽ ടെക്നോപാർക്ക് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു .

2. സൈബർ പാർക്ക് ഫെയ്സ് 2 പ്രവർത്തനങ്ങളുടെ ഭാഗമായ പുതിയ ഐ. ടി. കെട്ടിടവും സ്റ്റാർട്ടപ്പ് സ്പെയ്സും - 100 കോടി രൂപ കിഫ്ബി ഫണ്ടിംഗ് ഉൾപ്പെടെ 184 കോടി രൂപ ചെലവിൽ കോഴിക്കോട് സൈബർ പാർക്കിൽ രണ്ടാം ഐ.ടി കെട്ടിടം പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി- ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി, പദ്ധതി നടപ്പിലാക്കി വരുന്നു.

**പൊതുമരാമത്ത് വകുപ്പ്**

**ദേശീയപാത വിഭാഗം**

എൻ.എച്ച്.- 17 ൽ ഗ്രീൻവേ പ്രോജക്റ്റ് - കൊടുങ്ങല്ലൂർ ബൈപ്പാസ് - പുഷ്പചെടികളും വൃക്ഷങ്ങളും നടുകയും പരിപാലിക്കുകയും ചെയ്യുക, മൽച്ചിംഗും, ഡ്രിപ്പ് ഇറിഗേഷനും - ഈ പദ്ധതിയ്ക്കായി മുസിരിസ്സ് ഹെറിറ്റേജ്

| | | |
|---|---|---|
| | | പ്രോജക്ടിന് എൻ.ഒ.സി നൽകിയിരുന്നെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ല. ഇതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br><br>**<u>ഭക്ഷ്യപൊതുവിതരണ വകുപ്പ്</u>**<br><br>റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും, കെ.എസ്.എഫ്.ഇ. വഴി പലിശ രഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി - ടി പദ്ധതി നടപ്പാക്കിയിട്ടില്ല. നിലവിൽ റേഷൻകട നവീകരണ ത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 108 റേഷൻ കടകളിൽ കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.<br><br>**<u>ആഭ്യന്തരവകുപ്പ്</u>**<br><br>**പോലീസ് ഹെഡ് ക്വാർട്ടേഴ്സ്**<br><br>സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം - പ്രൊപ്പോസൽ പരിഗണനയിലാണ്.<br><br>**കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്**<br><br>അഗ്നിശമന സ്റ്റേഷനുകൾ സ്ഥാപിക്കുക<br><br>• സെക്രട്ടേറിയറ്റ് - ഭരണാനുമതി നൽകിയിട്ടില്ല.<br>• പത്മനാഭസ്വാമി ക്ഷേത്രം - ശ്രീ പദ്മനാഭ സ്വാമി ക്ഷേത്ര പരിസരത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമിയോ കെട്ടിടങ്ങളോ നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br>**<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>**<br><br>ഒ.ബി.സി. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം - ഇടുക്കി എൻജിനീയറിംഗ് കോളേജ് ക്യാമ്പസിൽ 2 ഒ.ബി.സി ഹോസ്റ്റലുകളും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒരു ഒ.ബി.സി ഹോസ്റ്റലും നിർമ്മിക്കുന്നതിനായി ആകെ 119 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇടുക്കി എൻജിനീയറിംഗ് കോളേജിലെ ഹോസ്റ്റലുകൾക്ക് ഭരണാനുമതി ലഭ്യമായിരുന്നെങ്കിലും ഹോസ്റ്റൽ നിർമ്മാണത്തിനായി നീക്കിവെച്ച സ്ഥലത്ത് മറ്റൊരു നിർമ്മാണം |

| | | |
|---|---|---|
| | | ആരംഭിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല. കണ്ണൂർ സർവ്വകലാശാലയിലെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള കാലതാമസം മൂലം പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏൽപ്പിച്ചിരുന്ന കൺസ്ട്രക്ഷൻ കോർപ്പറേഷൻ പദ്ധതിയിൽ നിന്നും പിൻമാറി.<br><br>**<u>കായിക യുവജനകാര്യ വകുപ്പ്</u>**<br><br>1. ഇളങ്കുന്നപ്പുഴ സാന്തക്രോസ് ഗ്രൗണ്ട്,എറണാകുളം<br>2. കൊറ്റംകര മിനി സ്റ്റേഡിയം, കുണ്ടറ, കൊല്ലം<br>മേൽ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കൈമാറി ലഭിക്കാത്തതുകൊണ്ട് ധാരണാ പത്രം ഒപ്പുവെയ്ക്കാൻ സാധിച്ചിട്ടില്ല. ടി പദ്ധതികൾ ബഹു. കായിക വകുപ്പ് മന്ത്രിയുടെ 02.05.2019 ന് ചേർന്ന യോഗത്തിൽ ഉപേക്ഷിക്കുവാൻ നിർദ്ദേശിച്ചിരുന്നു.<br><br>**<u>കൃഷി വകുപ്പ്</u>**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**<br><br>1. വെളിച്ചെണ്ണയുടെ നികുതിയിൽ നിന്ന് കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകുക – ആനുവൽ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ലായിരുന്നു.<br><br>2. കാർഷികോത്പന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിനായി കേന്ദ്ര അഗ്രികൾച്ചർ മാർക്കറ്റ് പ്രൊജക്ട് – ആനുവൽ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ലായിരുന്നു.<br>3. ഇടുക്കിയിലും വയനാട്ടിലും ഓരോ സ്പൈസസ് പാർക്ക് സ്ഥാപിക്കുക – ആനുവൽ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ലായിരുന്നു.<br><br>**കേരള കാർഷിക സർവ്വകലാശാല**<br><br>നിർമ്മാണ പ്രവർത്തനങ്ങൾ – 17 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 1750 ലക്ഷം രൂപ വകയിരുത്തുകയും 161 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു. |

**<u>എക്സൈസ് വകുപ്പ്</u>**

1.

കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ ടവർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി - പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും എസ്റ്റിമേറ്റിലുള്ള സാങ്കേതിക പ്രശ്നങ്ങൾ മൂലവുമാണ് ഭരണാനുമതി ലഭിക്കുവാൻ കാലതാമസം നേരിട്ടത്. കാസർഗോഡ് എക്സൈസ് ടവർ നിർമ്മാണത്തിനായി 5.2 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതും കെട്ടിട നിർമ്മാണത്തിനുള്ള നിർദ്ദിഷ്ട സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് എക്സൈസ് ടവർ നിർമ്മാണത്തിനായുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം എക്സൈസ് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് അനുകൂല അഭിപ്രായം സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം എക്സൈസ് ടവർ നിർമ്മാണത്തിന് ഭരണാനുമതിക്കായി 2019-2020 ലെ ബജറ്റ് പ്രൊവിഷന്റെയും ഫണ്ട് ലഭ്യതയുടെയും അടിസ്ഥാനത്തിൽ ശിപാർശ സമർപ്പിക്കുവാൻ നിർദേശിച്ചിരുന്നു. ഇതിനായി നിർദ്ദിഷ്ട സ്ഥലത്തുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. വയനാട് എക്സൈസ് ടവർ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**<u>റവന്യൂ വകുപ്പ്</u>**

**ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്**

റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം

- നെടുമങ്ങാട്
- കൊല്ലം
- പന്തളം
- കൊട്ടാരക്കര
- തിരുവല്ല
- ചങ്ങനാശ്ശേരി
- തൊടുപുഴ
- പീരുമേട്
- എറണാകുളം
- കോതമംഗലം
- സുൽത്താൻ ബത്തേരി

- ചാലക്കുടി
- ആലപ്പുഴ ആർ.ഡി.ഒ. കോംപ്ലക്സ്
- മുളന്തുരുത്തി
- പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്
- അടിമാലി
- പട്ടാമ്പി
- നിലമ്പൂർ
- വടകര
- ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ
- മതിലകം മിനി സിവിൽ സ്റ്റേഷൻ
- പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ

മേൽ പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് ഒഴികെയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും മേൽ പദ്ധതികൾക്കായി 330 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**<u>ജല വിഭവ വകുപ്പ്</u>**

**കേരള വാട്ടർ അതോറിറ്റി**

തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി - ഒന്നാം ഘട്ടം - പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്നതിനായുള്ള സൂക്ഷ്മ പരിശോധന നടന്നു വരുന്നു. 24.05.2022 ന് 222.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു.

**<u>ഭവന നിർമ്മാണ വകുപ്പ്</u>**

1. ടെക്നോളജി ഇന്നോവേഷൻ ഫണ്ട് - ഭരണാനുമതി ലഭ്യമായിട്ടില്ല.
2. ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തിനുള്ള പാർപ്പിട നിധി - ഭരണാനുമതി ലഭ്യമായിട്ടില്ല.

**<u>വ്യവസായ വകുപ്പ്</u>**

**വ്യാവസായ വാണിജ്യ ഡയറക്ടറേറ്റ്**

1. സ്റ്റാർട്ട് അപ് സബ്സിഡി ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റീസ് XXXVII -2851-00-102-41 - ഗൈഡ് ലൈൻ അംഗീകാരം ലഭ്യമായില്ല.
2. മൾട്ടിപർപ്പസ് ട്രേഡ് ഫെസിലിറ്റേഷൻ സെന്ററുകൾ-

| | | |
|---|---|---|
| | | XXXVII - 2851-00-102-39---മൾട്ടി പർപ്പസ് ട്രേഡ്ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിലേക്കായി പ്രാഥമിക ഘട്ടം പൂർത്തീകരിച്ചു<br>3. സെറ്റിംഗ് അപ് ഓഫ് ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ് -സ്റ്റേറ്റ് ഷെയർ - XXXVII -2851- 00 - 102 - 92 - (2)-അനുയോജ്യമായ സ്ഥലം ലഭ്യമായില്ല.<br>4. അസിസ്റ്റൻസ് റ്റു ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റീസ് - XXXVII -2851- 00- 195- 89- ഗൈഡ് ലൈൻ അംഗീകാരം ലഭ്യമായില്ല<br>5. സ്ട്രെംഗ്തനിംഗ് ഓഫ് ലിങ്കേജ് ബിറ്റ് വീൻ യൂണിവേഴ്സിറ്റീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്സ് ആൻഡ് ഇൻഡസ്ട്രി എന്റർപ്രൈസസ് - XXXVII- 2851- 00-101- 91- ഗൈഡ് ലൈൻ അംഗീകാരം ലഭ്യമായില്ല<br>6. അക്വയറിംഗ് ന്യൂ ലാൻഡ് ആൻഡ് ഡെവലപ്പിംഗ് പിപിപി മോഡ്- 2851- 00- 101- 91—പി പി പി മോഡലിൽ ഉള്ള പ്രൊപ്പോസലുകൾ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചില്ല.<br>7.ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ നെറ്റ് വർക്ക്- 4851- 00- 102-91-സംസ്ഥാന സർക്കാർ മുഖാന്തിരം കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചില്ല.<br>**കയർ ബോർഡ്**<br>ഉൽപ്പന്ന മേഖലയിലെ പുതിയ സബ്സിഡിയ്ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ അധിക സബ്സിഡി - അർഹരായ അപേക്ഷകർ 2016-17 വർഷത്തിൽ ഇല്ലായിരുന്നു.<br>**കിൻഫ്ര**<br>കിൻഫ്ര ഫുട് വെയർ പാർക്ക് (രാമനാട്ടുകര) - പരിസ്ഥിതിയുമായി ബന്ധപ്പെട്ട് തദ്ദേശ വാസികളുടെ എതിർപ്പുകാരണം പദ്ധതി ഉപേക്ഷിച്ചു.<br>**<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>**<br>**വ്യാവസായിക പരിശീലന വകുപ്പ്**<br>പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം - ടി പദ്ധതിയ്ക്കായി ആവശ്യമുള്ള സോഫ്റ്റ് വെയറുകൾ നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ വർക്ക് ഓർഡർ അനുസരിച്ചുള്ള സോഫ്റ്റ് വെയറുകൾ യഥാസമയം നിർമ്മിച്ച് കൈമാറാൻ കെൽട്രോണിന് പ്രസ്തുത സാമ്പത്തിക വർഷം സാധിക്കാത്തതിനാലാണ് 2016-17 സാമ്പത്തിക |

| | | |
|---|---|---|
| | | വർഷത്തിൽ പി.ഇ.എൽ.പി. പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ഒന്നരക്കോടി രൂപ വകുപ്പ് നീക്കി വെച്ചിരുന്നു. എന്നാൽ നിലവിൽ എംപ്ലോയബിലിറ്റി സെന്റർ, പ്രധാനമന്ത്രി കൗശൽ വികാസ് യോജന, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്നീ സ്കില്ലിംഗ് പ്രോഗ്രാമുകൾ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്നതു പോലുള്ള ഒരു പദ്ധതിയാണ് പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം എന്ന് വകുപ്പ് കണ്ടെത്തുകയും ആയതിനാൽ തന്നെ ഇത്തരത്തിലുള്ള ഒരു പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നതിൽ പ്രസക്തിയില്ലായെന്നും വ്യാവസായിക പരിശീലന വകുപ്പ് വിലയിരുത്തി, മേൽ പദ്ധതി ഉപേക്ഷിച്ചു. |

**സെക്ഷൻ ഓഫീസർ**